**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4176** **09-08-2021 - ൽ മറുപടിയ്ക്ക്**

**2009-ലെ വിദ്യാഭ്യാസ അവകാശ നിയമം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി നിയോഗിച്ച ഡോ.എം.എ.ഖാദർ കമ്മീഷൻ, റിപ്പോർട്ട്- ഭാഗം 2 സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) | സർക്കാർ തത്വത്തിൽ അംഗീകരിച്ച, മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം വിദഗ്ധ സമിതി റിപ്പോർട്ട് ഭാഗം-1 അനുസരിച്ച് ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനോടകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | 31.05.2019 ലെ സ.ഉ(കൈ) നം.53/2019/ പൊ.വി.വ പ്രകാരം 12-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുണ്ടായിരുന്ന പൊതുവിദ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേ ഷൻ എന്ന പൊതു സംവിധാനം രൂപീകരിക്കുകയും മേൽപറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളേയും ഏകോപിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവരുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ